**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4062** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജക മണ്ഡലത്തിൽ സ്മാർട്ട് അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും സ്മാർട്ട് അംഗനവാടികൾക്കുള്ള എത്ര പ്രൊപ്പോസലുകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ 3 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും, എം.എൽ.എ യുടെ ശുപാർശ പ്രകാരം സ്പെഷ്യൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് 12 പ്രോപ്പോസലുകളും ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എത്ര അംഗനവാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വന്തം കെട്ടിടമുള്ളത്, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്നിങ്ങനെ തരം തിരിച്ച് വിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | (ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആകെ 245 അങ്കണവാടികളാണ് നിലവിലുള്ളത്. ഇതിൽ 124 എണ്ണം സ്വന്തം കെട്ടിടത്തിലും, 117 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ആയതിന്റെ തദ്ദേശസ്വയംഭരണസ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര സ്മാർട്ട് അംഗനവാടികളാണ് അനുവദിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (സി) | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 3 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതി അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനം | ആകെ അങ്കണവാടികൾ | സ്വന്തമായി കെട്ടിടം ഉള്ളവ | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ | വാടകയിതരം |
|---|---|---|---|---|---|
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റി | 91 | 24 | 65 | 2 |
| 2 | ആര്യാട് | 29 | 16 | 13 | 0 |
| 3 | മണ്ണഞ്ചേരി | 49 | 36 | 13 | 0 |
| 4 | മാരാരിക്കുളം സൗത്ത് | 51 | 33 | 18 | 0 |
| 5 | മാരാരിക്കുളം നോർത്ത് | 25 | 15 | 8 | 2 |
| | ആകെ | 245 | 124 | 117 | 4 |

Sd/-

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-2**

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | സെന്റർ നം | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ആര്യാട് | മണ്ണഞ്ചേരി | 38 | 27,64,952/- | കെട്ടിടം പണി പൂർത്തിയായി, വൈദ്യുതീകരണം ചുറ്റമതിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 2 | ആര്യാട് | മണ്ണഞ്ചേരി | 122 | 27,64,952/- | സ്ട്രക്ചർ വർക്ക് പൂർത്തിയായി. ടൈൽ വർക്ക് നടന്നു വരുന്നു. |
| 3 | ആര്യാട് | മണ്ണഞ്ചേരി | 123 | 27,64,952/- | മുകളിലത്തെ നില ലിന്റൽ ലെവൽ ആയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**